# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1668 — 03/05/2017-ൽ മറുപടിക്ക്

## സംസ്ഥാനത്ത് വ്യാപിക്കുന്ന പകർച്ചപ്പനി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. ദിവാകരൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) പകർച്ചപ്പനി നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | എ) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ജില്ലകളിലെ പ്രത്യേകതകളും ആവശ്യങ്ങളും ഉൾക്കൊള്ളിച്ച് ഒരു വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുന്നു. മഴക്കാലം വരുന്നതിനും മുൻപേ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും, ശുചിത്വ മിഷനേയും, ഇതര വകുപ്പുകളെയും ഒത്തൊരുമിപ്പിച്ച് മഴക്കാല പൂർവ്വ ശുചീകരണവും രോഗപ്രതിരോധ നിയന്ത്രണ ബോധ-വൽക്കരണ ക്യാമ്പയിനുകളും നടപ്പിലാക്കി വരുന്നു. രോഗനിരീക്ഷണം, കൊതുക നിരീക്ഷണം എന്നിവ കാര്യക്ഷമ-മാക്കുന്നതുവഴി പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തേതന്നെ കണ്ടുപിടിക്കാനും നിയന്ത്രിക്കാനും ഒരു പരിധി വരെ സാധിക്കുന്നുണ്ട്. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടെയും മറ്റ് ഉദ്യോഗസ്ഥ-രുടെയും മരുന്നിന്റെയും രോഗ നിയന്ത്രണത്തിനുള്ള സാധന സാമഗ്രി-കളുടെയും ലഭ്യതയും ഉറപ്പ് വരുത്തിയിട്ടുണ്ട്. ഡോക്ടർമാർ ഉൾപ്പെടെ-യുള്ള ആരോഗ്യപ്രവർത്തകർക്കും സന്നദ്ധ പ്രവർത്തകർക്കും ആവശ്യമായ പരിശീലനവും നൽകി വരുന്നുണ്ട്.<br>രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ ദ്രുതകർമ്മസേന രൂപീകരിച്ച് ആവശ്യമായ ഗൃഹ-സന്ദർശനം, മെഡിക്കൽ ക്യാമ്പ്, |

➡

| | | | |
|---|---|---|---|
| | | | മൊബൈൽ ക്ലിനിക്ക് എന്നിവ നടത്തി രോഗം എത്രയും പെട്ടെന്ന് കണ്ടെത്തി വേണ്ട ചികിത്സ നൽകുകയും രോഗപ്പകർച്ച തടയുന്നതിനുള്ള കൊതുകുനശീകരണ പ്രവർത്തനങ്ങളും ഉറവിട നശീകരണം, വീട്ടിനുള്ളിൽ കീടനാശിനി തളിക്കുക(ഐ.എസ്.എസ്) വീടിന് പുറത്ത് അന്തരീക്ഷത്തിൽ കീടനാശിനി തളിക്കുക (ഫോഗിംഗ്) ജലശുദ്ധി ഉറപ്പുവരുത്തുവാനായി ക്ലോറിനേഷൻ ഉൾപ്പെടെയുള്ള മറ്റ് ബോധവൽക്കരണ പ്രവർത്തനങ്ങൾ വയറിളക്ക രോഗത്തിന്റെ പാനീയ ചികിത്സയ്ക്ക് ആവശ്യമായ ഒ.ആർ.എസ്. ന്റെ ലഭ്യത എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്. എലിപ്പനി പ്രതിരോധിക്കാനായി ഓടകൾ, കുളങ്ങൾ വൃത്തിയാക്കുന്നവർക്കും കൃഷി-പ്പണി ചെയ്യുന്നവർക്കും ഡോക്സിവൈക്ലിൻ പ്രതിരോധ ഗുളികകളും നൽകുന്നുണ്ട്. ഇതിനാവശ്യമായ ഫണ്ടും ജില്ലാതലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| ബി) | തിരുവനന്തപുരം ജില്ലയിൽ പനി ബാധിച്ച് എത്ര പേർ ചികിത്സ തേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | ബി) | ജനുവരി 1, 2017 മുതൽ 29.04.2017 വരെ 78162 പേർ ചികിത്സ തേടിയിട്ടുണ്ട്. |
| സി) | തിരുവനന്തപുരം ജില്ലയിൽ എത്ര പേർ എച്ച്.വൺ-എൻ.വൺ. പനി ബാധിച്ച് ചികിത്സ തേടിയിട്ടുണ്ടെന്നും എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ? | സി) | 2017 ജനുവരി 1 മുതൽ 29.04.2017 വരെ എച്ച്1എൻ1 സ്ഥിരീകരിച്ച 30 പേർ ചികിത്സ തേടിയിട്ടുണ്ട്. ഈ പനി ബാധിച്ചത് എവിടെയെല്ലാമെന്ന് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| 1 | ആറാമട |
| 2 | കുമാരപുരം |
| 3 | അരുവിക്കര |
| 4 | ഡാല്യംമുഖം |
| 5 | കൊച്ചുള്ളൂർ |
| 6 | വെമ്പായം |
| 7 | വർക്കല |
| 8 | തിരുമല |
| 9 | കടയ്ക്കാവൂർ |
| 10 | പൂവാർ |

➡

| | |
|---|---|
| 11 | വിതുര |
| 12 | ചാല |
| 13 | മുരുക്കുംപുഴ |
| 14 | മാരായമുട്ടം |
| 15 | വെഞ്ഞാറമൂട് |
| 16 | ഊരൂട്ടമ്പലം |
| 17 | മണക്കാട് |
| 18 | നെല്ലിവിള |
| 19 | പനയ് വീട്, പാലച്ചിറ, തിരുവനന്തപുരം |
| 20 | പൂഴനാട് |
| 21 | കല്ലമ്പലം |
| 22 | വെള്ളായണി |
| 23 | കടവൂർ |
| 24 | മുങ്ങോട്ടുകോണം |
| 25 | എം.ഇ.എസ് ക്വാർട്ടേഴ്സ്, പുലയനാർകോട്ട |
| 26 | ശാസ്തമംഗലം |
| 27 | ആറ്റിങ്ങൽ |

സെക്ഷൻ ഓഫീസർ